# ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്

**ആറ്റുകാൽ, തിരുവനന്തപുരം-9**

നമ്പർ.ഇ3/8356/2024/എബിറ്റിറ്റി/ 102 തീയതി : 04.01.2025

## ടെണ്ടർ പരസ്യം

**ക്ഷേത്രത്തിലേയ്ക്കാവശ്യമായ രസീതു ബുക്കുകളും ഫോറങ്ങളും പ്രിന്റ്ചെയ്യുന്നതിന്**

ആറ്റുകാൽ ഭഗവതിക്ഷേത്രത്തിൽ 1-4-2025 മുതൽ 31-3-2026 വരെ ഒരു വർഷ കാലയളവിലേയ്ക്ക് ക്ഷേത്രത്തിലേയ്ക്കാവശ്യമായ രസീതുബുക്കുകളും ഫോറങ്ങളും പ്രിന്റ് ചെയ്യുന്നതിനുള്ള അവകാശത്തിന് അംഗീകൃത പ്രസ്സുകാരിൽ നിന്നും മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡറുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫാറത്തിൽ പൂരിപ്പിച്ച് 15.01.2025 ബുധനാഴ്ച വൈകുന്നേരം 3.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും 16.01.2025 വ്യാഴാഴ്ച വൈകുന്നേരം 3.30ന് സന്നിഹിതരായിരിക്കുന്ന ടെൻഡറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.

**ടെൻഡർ നിബന്ധനകൾ**

1. നിരതദ്രവ്യതുകയായ 5,000 രൂപയ്ക്ക് (അയ്യായിരം രൂപ മാത്രം) ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് വാങ്ങി ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്. കവറിനു മുകളിൽ വ്യക്തമായി ഇന്ന കോൺട്രാക്റ്റിനുള്ള ടെൻഡർ എന്നെഴുതുകയും ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ പേരും മേൽവിലാസവും കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ടെൻഡറിനോടൊപ്പം ചേർത്തിരിക്കുന്ന ടെൻഡർ അപേക്ഷാഫാറം പൂരിപ്പിച്ച് ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്.
2. ട്രസ്റ്റിലേയ്ക്കാവശ്യമായ രസീതു ബുക്കുകളും ഫോറങ്ങളും നോട്ടീസുകളും ഇതിലേയ്ക്കാവശ്യമുള്ള ഷെഡ്യൂൾ പ്രകാരം ട്രസ്റ്റിൽ നിന്നും നിർദ്ദേശിക്കുന്ന സമയങ്ങളിൽ പ്രിന്റ് ചെയ്ത് ട്രസ്റ്റ് സ്റ്റോറിൽ ആവശ്യാനുസരണം എത്തിക്കേണ്ടതാണ്. തുകകൾ ഷെഡ്യൂളിൽ രേഖപ്പെടുത്തി ടെൻഡറിനോടൊപ്പം ഹാജരാക്കേണ്ടതാണ്.
3. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി നിശ്ചിത വ്യവസ്ഥകൾ ഉൾപ്പെടുത്തി സെക്യൂരിറ്റി തുകയായ 10,000 രൂപ (പതിനായിരം രൂപ മാത്രം) ഒടുക്കി 200/-രൂപയുടെ മുദ്രപത്രത്തിൽ രണ്ടു ഫോട്ടോ സഹിതം നിശ്ചിത കരാർ ഒപ്പിട്ട് ട്രസ്റ്റ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
4. ടെൻഡർ കാലയളവിൽ യാതൊരുകാരണവശാലും നിരക്കുകൾ വർദ്ധിപ്പിക്കുന്നതല്ല
5. കരാർ ലംഘനം നടത്തുന്നതായി കാണുന്നപക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദു ചെയ്യുന്നതുൾപ്പെടെ മേൽനടപടികൾ സ്വീകരിക്കുന്നതിന് ട്രസ്റ്റ്സെക്രട്ടറിക്ക് പൂർണ്ണ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.
6. ടെൻഡർ കാരണം പറയാതെ നിരസിക്കുന്നതിനും, ടെൻഡർ സമയത്തിൽ മാറ്റം വരുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമാ യിരിക്കും.
7. ടെൻഡർ സംബന്ധിച്ചുള്ള എല്ലാ പൊതുനിയമങ്ങളും, ട്രസ്റ്റ് നിയമങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

സെക്രട്ടറി
ആറ്റുകാൽ ഭഗവതിക്ഷേത്രംട്രസ്റ്റ്

ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ് തിരുവനന്തപുരം-695 009